# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – മാലിന്യമുക്ത കേരളം – കർമ്മപദ്ധതികൾ മന്ത്രിസഭാ ഉപസമിതിക്കും ഉന്നതതല മോണിറ്ററിംഗ് കമ്മിറ്റിക്കും അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

**സ.ഉ.(കൈയ്യെഴുത്ത്)നം.111/2008/തസ്വഭവ. തീയതി, തിരുവനന്തപുരം, 11-04-2008**

## ഉത്തരവ്

മാലിന്യമുക്ത കേരളം പദ്ധതിയുടെ കർമ്മപരിപാടി 2007 നവംബർ 1-ന് ബഹുമാന്യയായ രാഷ്ട്രപതി ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഇതിനാവശ്യമായ മുന്നൊരുക്കങ്ങൾ 2006 ഒക്ടോബർ 2 മുതൽ തുടങ്ങിയിരുന്നു.

ടി കർമ്മപദ്ധതിപ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഫലമായി മാലിന്യപ്രശ്നം വലിയ അളവുവരെ പരിഹരിക്കാൻ കഴിയുമെങ്കിലും നിലവിലുള്ള അവസ്ഥ വളരെ മെച്ചപ്പെടുത്തേണ്ടതുണ്ട്. പൊതു ചെലവുകൾക്കായുള്ള പരിശോധനാ കമ്മിറ്റി (Public Expenditure Review Committee) യുടെ മൂന്നാം റിപ്പോർട്ടിൽ, മാലിന്യ സംസ്ക്കരണ സംവിധാനത്തിന്റെ അപര്യാപ്തത ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപിതമായ പ്രവർത്തനം അനിവാര്യമാണെന്നും അതിനൊരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കേണ്ടതാണെന്നും ഈ സമിതി അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള സുഗമമായ പ്രവർത്തനങ്ങൾക്കായി ഒരു സ്ഥിരം സംവിധാനം ഉണ്ടായിരിക്കണമെന്ന് സർക്കാർ കരുതുന്നു. ഇതിനായി ബഹു.തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി അധ്യക്ഷനായും, ആരോഗ്യം-സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, ജലവിഭവം, പൊതുമരാമത്ത്, ടൂറിസം, കൃഷി, ധനകാര്യ വകുപ്പ് മന്ത്രിമാർ ഉൾക്കൊള്ളുന്നതുമായ ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിക്കുന്നു.

കൂടാതെ ചീഫ് സെക്രട്ടറി അധ്യക്ഷനായും തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ജലവിഭവ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, കൃഷി

വകുപ്പ്, ടൂറിസം, ധനകാര്യ വകുപ്പ് എന്നിവയുടെ സെക്രട്ടറിമാർ അംഗങ്ങളായുമുള്ള ഒരു ഉന്നതതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**എസ്.എം.വിജയാനന്ദ്**
**ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർമാർക്ക്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ജനറൽ അഡ്മിനിസ്ട്രേഷൻ, (എസ്.സി) വകുപ്പ്. (ഇനം.................. പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ചീഫ് സെക്രട്ടറിയുടെ പി.എ
ആരോഗ്യ വകുപ്പ് സെക്രട്ടറി
സാമൂഹ്യക്ഷേമവകുപ്പ് സെക്രട്ടറി
വിദ്യാഭ്യാസവകുപ്പ് സെക്രട്ടറി
ജലവിഭവ വകുപ്പ് സെക്രട്ടറി
പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി
കൃഷിവകുപ്പ് സെക്രട്ടറി
ടൂറിസം വകുപ്പ് സെക്രട്ടറി
ധനകാര്യ വകുപ്പ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി.പി.എ
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ

ഉത്തരവിൻപ്രകാരം അയയ്ക്കുന്നത്,

**സെക്ഷൻ ഓഫീസർ**